നം. ADFW/FIB/TVM/354/2022-J (2)

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ പി.ഒ.
തിരുവനന്തപുരം-3
തീയതി : 11/10/2023.

# ദർഘാസ് നോട്ടീസ്

2023 നവംബർ 01 മുതൽ 07 വരെ തിരുവനന്തപുരം എൽ.എം.എസ് ഗ്രൗണ്ടിൽ വെച്ച് നടക്കുന്ന "**കേരളീയം 2023**" ട്രേഡ് ഫെയറിൽ 9 x 3 മീറ്റർ ചുറ്റളവിൽ പ്രദർശന കവാടത്തിൽ ആകർഷകമായ രീതിയിൽ തീം ഏരിയ രൂപ കൽപ്പന ചെയ്ത് നിർമ്മിക്കുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത തീം ഏരിയ തയ്യാറാക്കാൻ താല്പര്യമുള്ള ശില്പികളിൽ/കലാകാരന്മാരിൽ നിന്നും ദർഘാസ് ക്ഷണിക്കുന്നു.

ടു കവർ സിസ്റ്റം (ടെക്നിക്കൽ ബിഡ് & പ്രൈസ് ബിഡ്) മാതൃകയിലാണ് ദർഘാസുകൾ സ്വീകരിക്കുന്നത്. പ്രസ്തുത വിഷയത്തിന്റെ അടിസ്ഥാനത്തിലുള്ള തീം ഏരിയ ഡിസൈനിന്റെ വിശദമായ 2 ഡി ഡ്രോയിംഗും, സാങ്കേതിക യോഗ്യത തെളിയിക്കുന്ന രേഖകളുമാണ് ടെക്നിക്കൽ കവറിൽ ഉൾപ്പെടുത്തേണ്ടത്. പ്രസ്തുത ടെക്നിക്കൽ കവറുകൾ ആദ്യം പരിശോധിക്കുന്നതും അതിൽ നിന്നും ടെക്നിക്കൽ കമ്മിറ്റി തെരെഞ്ഞെടുക്കുന്നവരുടെ മാത്രം തുക രേഖപ്പെടുത്തിയ ദർഘാസുകൾ പരിശോധിക്കുന്നതും ടി ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ദർഘാസ് അംഗീകരിക്കുന്നതുമാണ്. ടെക്നിക്കൽ ബിഡുകൾ പരിശോധിക്കുമ്പോൾ സമർപ്പിച്ചിട്ടുള്ള 2 ഡി ഡ്രായിംഗിന്റെ സാങ്കേതിക മികവും ഗുണമേന്മയും ആകർഷണീയതയും കൂടാതെ കരാറുകാരന്റെ മുൻപരിചയവും വിലയിരുത്തിയായിരിക്കും കരാറുകാരെ തെരെഞ്ഞെടുക്കുന്നത്.

## കരാറുകാരനുണ്ടായിരിക്കേണ്ട സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും

ദർഘാസ് സമർപ്പിക്കുന്ന കരാറുകാരൻ സർക്കാർ വകുപ്പുകൾക്ക് വേണ്ടി ഫ്ളോട്ടുകൾ/പവലിയനുകൾ/തീം ഏരിയകൾ/സ്റ്റാളുകൾ ഒരുക്കി പരിചയം ഉള്ള ആളായിരിയ്ക്കണം. പ്രസ്തുത ജോലികൾ കേരള സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർക്കുവേണ്ടി ചെയ്തിട്ടുള്ളവരായിരിക്കണം. മേൽ സൂചിപ്പിച്ച ജോലികളുടെ വർക്ക് ഓർഡർ, കരാർ, വർക്ക് കംപ്ളീഷൻ സർട്ടിഫിക്കറ്റ് എന്നിവയിലേതെങ്കിലുമോ എല്ലാമോ ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.

## ടെക്നിക്കൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) ടെക്നിക്കൽ ബിഡിൽ കരാറുകാരൻ മേൽപ്പറഞ്ഞ സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ സമർപ്പിച്ച സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾക്കുള്ള ആധികാരികത ആവശ്യമെങ്കിൽ പരിശോധനാ വിധേയമാക്കുന്നതാണ്. കൂടാതെ കരാറുകാരന്റെ മുൻപരിചയം തെളിക്കുന്ന രേഖകളും ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.
2) കരാറുകാരൻ ടെക്നിക്കൽ ബിഡിനൊപ്പം തീം ഏരിയായുടെ ഡിസൈനും ലേ ഔട്ടും വിശദമായ 2 ഡി ഡ്രായിംഗും സമർപ്പിക്കേണ്ടതാണ്. കരാറുകാരൻ ടിയാന്റെ സാങ്കേതിക പരിജ്ഞാനം ഉപയോഗിച്ച് തീം ഏരിയ വളരെ ആകർഷകവും ആശയസമ്പുഷ്ടവും സമ്മാനാർഹവും വിജ്ഞാനപ്രദവുമായ രീതിയിൽ ഒരുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേതാണ്.
3) തീം ഏരിയ ഡിസൈന് ആവശ്യമായ ലോഗോയും മറ്റു വിവരങ്ങളും ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്നതാണ്. എന്നാൽ കരാറുകാരൻ തീം സ്റ്റാൾ ഡിസൈനിംഗിനായി കൂടുതൽ വിവരങ്ങൾ നിർബന്ധമായും ശേഖരിക്കേതും ആയത് പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസറുടെ അംഗീകാരത്തിന് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്.
4) കരാറുകാരൻ സമർപ്പിക്കുന്ന 2 ഡി ഡ്രായിംഗിൽ 3 ഡി മോഡലുകൾ ഉൾപ്പെടുത്തുന്ന സ്ഥലങ്ങൾ പ്രത്യേകം മാർക്ക് ചെയ്ത് രേഖപ്പെടുത്തേതാണ്.
5) ഇ.എം.ഡി.തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ടെക്നിക്കൽ ബിഡ്ഡിൽ ഉൾപ്പെടുത്തേതാണ്.

## ഫിനാൻഷ്യൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

ഫിനാൻഷ്യൽ ബിഡിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്ന ടെൻഡർ ഫോമിൽ എല്ലാ പേജിലും ഒപ്പു വയ്ക്കേണ്ടതും പൂർണ്ണമായും പൂരിപ്പിക്കേണ്ടതുമാണ്. എല്ലാ നികുതികളും ഉൾപ്പെടെയുള്ള തുകയായിരിക്കണം ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. ടി തുകയ്ക്ക് പുറമെ അധികമായി മറ്റൊരു നികുതികളും ഉൾപ്പെടുത്താൻ പാടില്ല.

## "കേരളീയം 2023" തീം സ്റ്റാൾ നിർമ്മാണ വ്യവസ്ഥകൾ/നിബന്ധനകൾ

1) ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള ചിത്രമായിരിക്കണം തീം സ്റ്റാളിന്റ രൂപം. തീം സ്റ്റാൾ സജ്ജീകരിക്കുന്നതിനാവശ്യമായ എല്ലാ സാധനസാമഗ്രികളും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും സജ്ജീകരിക്കേണ്ടതാണ്. (ചെടികൾ/മെഷിനുകൾ ഉൾപ്പെടെ)

2) 27 ച.മീ. വിസ്തൃതിയിൽ (9 X 3 മീറ്റർ ചുറ്റളവിൽ) ആയിരിക്കണം തീം സ്റ്റാൾ ഡിസൈൻ ചെയ്ത് നിർമ്മിക്കേണ്ടത്.
3) തീം ഏരിയ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ ജോലികളും റെന്റ് അടിസ്ഥാനത്തിലായിരിക്കണം പൂർത്തിയാക്കേണ്ടത്.
4) വർക്ക് ഓർഡർ ലഭിച്ച് ജോലി ആരംഭിച്ചു കഴിഞ്ഞാൽ ആയത് സംബന്ധിച്ച പുരോഗതി ഓരോ ഘട്ടത്തിലും ക്യമ്പയിൻ ഓഫീസറെ നേരിട്ടോ ഇ-മെയിൽ/വാട്ട്സ് അപ്പ് മുഖാന്തിരമോ അറിയിക്കേണ്ടതാണ്.
5) തീം ഏരിയ തയ്യാറാക്കുന്നതിലേക്ക് ഉപയോഗിക്കുന്ന വസ്തുക്കൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുമായി ബന്ധപ്പെട്ട് അനുമതി/നിർദ്ദേശ പ്രകാരമായിരിക്കണം തയ്യാറാക്കേണ്ടത്.
6) തീം ഏരിയായിൽ ആവശ്യമായ എൽ.ഈ.ഡി വാൾ, ടി.വി, ട്രാൻസ്പെരന്റ് ഷെൽഫുകൾ, കാർഷിക മുല്യവർധിത ഉത്പന്നങ്ങളുടെ തത്സമയ നിർമ്മാണം (പ്രദർശനം തീരുന്നതുവരെ) എന്നിവ ക്യാമ്പയിൻ ഓഫീസറുടെ നിർദ്ദേശ പ്രകാരം ഒരുക്കേണ്ടതാണ്.
7) തീം ഏരിയക്കുള്ളിലും വശങ്ങളിലും മതിയായ വെളിച്ചവും ദീപ ശബ്ദസംവിധാനവും ക്യാമ്പയിൻ ഓഫീസറുടെ നിർദ്ദേശപ്രകാരം ചെയ്യേണ്ടതാണ്.
8) ക്യാമ്പയിൻ ഓഫീസറുടെ നിർദ്ദേശപ്രകാരം ആവശ്യമായ ജൈവ ഉത്പന്നങ്ങൾ, ഫലങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ സംഭരിച്ച് തീം സ്റ്റാൾ അലങ്കരിക്കേണ്ടതാണ്.
9) മഴയുടെ സാധ്യതയുള്ള സാഹചര്യത്തിൽ തീ സ്റ്റാളിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ആകാരത്തിനും ഭംഗിക്കും കോട്ടം സംഭവിക്കാൻ പാടില്ല.
10) തീം ഏരിയ സംബന്ധിച്ച് "കേരളീയം 2023" ട്രേഡ് ഫെയർ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.
11) തീം ഏരിയമായി ബന്ധപ്പെട്ട എല്ലാ ജോലികളും റെന്റ് അടിസ്ഥാനത്തിലായിരിക്കും പൂർത്തിയാക്കേണ്ടത്.
12) "കേരളീയം 2023" ട്രേഡ് ഫെയർ തീം ഏരിയമായി ബന്ധപ്പെട്ട് ആകർഷകണീയതയും ഭംഗിയും വർദ്ധിപ്പിക്കുന്നതിനായി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ/ക്യാമ്പയിൻ ആഫീസർ നൽകുന്ന നിർദ്ദേശങ്ങളും ഭേദഗതികളും വരുത്താൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം ക്യാമ്പയിൻ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരാർ തുകയിൽ ആനുപാതികമായി കുറവ് വരുത്തുന്നതായിരിക്കും.
13) ഈ ആഫീസിൽ നിന്ന് നൽകുന്ന ക്യാപ്ഷനുകളും ലോഗോകളും ക്യാമ്പയിൻ ആഫീസറുടെ നിർദ്ദേശപ്രകാരം തീം സ്റ്റാളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

14) തീം ഏരിയ നിർമ്മാണത്തിൽ എല്ലാ ജോലികളിലും, സർക്കാർ, നഗരസഭ എന്നിവയുടെ നിർദ്ദേശം അനുസരിച്ചുള്ള ഗ്രീൻ പ്രോട്ടോക്കോൾ സമ്പ്രദായം കർശനമായി പാലിക്കേണ്ടതാണ്.

15) പ്രസ്തുത സ്ഥലങ്ങൾ ക്യൂബ്രേക്കർ സംവിധാനം ഉപയോഗിച്ചോ വേലി നിർമ്മിച്ചോ സംരംക്ഷിക്കേണ്ടതാണ്. തീം ഏരിയയിലും തുടർന്നുള്ള പ്രദർശന സ്റ്റാൾ വരെയും ആകർഷകും സുരക്ഷിതവുമായ നടപ്പാത ഒരുക്കേണ്ടതാണ്.

16) മേളയിൽ ഉടനീളം കരാറുകാരനോ കരാറുകാരൻ ചുമതലപ്പെടുത്തുന്ന വ്യക്തിയോ തീം ഏരിയായിൽ ഉണ്ടായിരിക്കേണ്ടതാണ്. ജോലികൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ ഫാം ഇൻഫർമേഷൻ ബ്യൂറോയുമായി 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ഒപ്പിട്ട് നൽകേണ്ടതാണ്.

17) 2023 ഒക്ടോബർ 31 ന് വൈകുന്നേരം 5 മണിക്ക് മുൻപായി പണികൾ പൂർത്തിയാക്കി സ്റ്റാൾ കൈമാറേണ്ടതാണ്.

18) ‘‘കേരളീയം 2023’’ ട്രേഡ് ഫെയർ അവസാനിക്കുന്ന 2023 നവംബർ 7 വരെ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ തീം ഏരിയായിൽ എന്തെങ്കിലും കേടുപാടുകൾ ഉണ്ടായാൽ അത് തീർത്ത് നൽകുന്നതിനുള്ള ഉത്തരവാദിത്വം കരാറുകാരനായിരിക്കും. എക്സിബിഷൻ കാലയളവിൽ സ്റ്റാളിന്റെ ക്ലീനിംഗ് സംബന്ധിച്ച ജോലികൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ തീർക്കേണ്ടതാണ്.

19) തീം ഏരിയായിൽ ഒരു ചെറിയ ടേബിൾ, ഫ്ളവർവൈസ് അറേഞ്ച്മെന്റ്, വിസിറ്റിംഗ് കാർഡുകൾ വയ്ക്കുന്നതിനുള്ള ബൗൾ എന്നിവയും കരാർകാരൻ സജ്ജമാക്കേണ്ടതാണ്.

20) തീമുമായി ബന്ധപ്പെട്ട് ചെയ്യുന്ന ഡിസൈൻ, ലോഗോ എന്നിവയുടെ പൂർണ്ണ പകർപ്പവകാശം ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിക്ഷിപ്തമായിരിക്കും.

21) ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലും ആയതിൽ ഭേദഗതി വരുത്തുന്നതിനും റദ്ദു ചെയ്യുന്നതിനും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കും.

ഇതിന്റെ വിശദാംശങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ നേരിട്ട് വിളിക്കാവുന്നതാണ്.

ഫോൺ നമ്പർ **0471 - 2317314.**

| | | |
|---|---|---|
| അടങ്കൽ തുക (എല്ലാ നികുതികളും ഉൾപ്പെടെ) | : | 3,00,000/- രൂപ |
| നിരതദ്രവ്യം | : | 3,000/- പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്) |

**ദർഘാസ് ഫോറത്തിന്റെ വില**

| | | |
|---|---|---|
| എ) അസ്സൽ വില | : | 1000 + GST (12%) |
| ബി) ഡ്യൂപ്ലിക്കേറ്റ് വില | : | 500 + GST (12%) |
| ദർഘാസ് ഫോറത്തിന്റെ വിൽപ്പന അവസാനിക്കുന്ന തിയതിയും സമയവും | : | 25.10.2023 1 PM |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തിയതിയും സമയവും | : | 25.10.2023 3 PM |
| ദർഘാസ് തുറക്കുന്ന തിയതിയും സമയവും | : | 25.10.2023 3.30 PM |

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

FARM INFORMATION BUREAU KOWDIAR P.O. THIRUVANANTHAPURAM 695 003

Principal Information Officer
Farm Information Bureau
Kowdiar, Thiruvananthapuram-695 003

# കേരളസർക്കാർ
# കാർഷികവികസന കർഷകക്ഷേമവകുപ്പ്
## ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

### *"കേരളീയം 2023" ട്രേഡ് ഫെയർ - തീംഏരിയതയ്യാറാക്കുന്നതിനുള്ള ദർഘാസ് പരസ്യം*

**ADFW/FIB/TVM/384//2023-J (3)** തീയതി: **11/10/2023**

| | |
|---|---|
| അടങ്കൽ തുക (എല്ലാ നികുതികളും ഉൾപ്പെടെ): | 3,00,000/- രൂപ |
| ദർഘാസ്ഫോറത്തിലെവില (അസ്സൽ) | : 1000/- രൂപ + ജിഎസ്റ്റി. (12%) |
| ദർഘാസ്ഫോറം (ഡ്യൂപ്ലിക്കേറ്റ്) വില | : 500/-രൂപ + ജി എസ്റ്റി. (12%) |
| നിരത ദ്രവ്യം | : 1% (Rs.3,000/-) |
| ദർഘാസ്ഫോറത്തിന്റെവില്പന അവസാനിക്കുന്ന തീയതിയുംസമയവും | : 25.10.2023, ഉച്ചയ്ക്ക് 1 മണിവരെ |
| ദർഘാസ്ഫോറംസ്വീകരിക്കുന്ന അവസാന തീയതിയുംസമയവും | : 25.10.2023, വൈകുന്നേരം 3 മണിവരെ |
| ദർഘാസ് തുറക്കുന്ന തീയതിയും സമയവും | : 25.10.2023, വൈകുന്നേരം 3.30 മണി |

11.10.2023

FARM INFORMATION BUREAU
KOWDIAR P.O. THIRUVANANTHAPURAM 695 003

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ

Principal Information Officer
Farm Information Bureau
...diar, Thiruva...

സ്വീകർത്താവ്

1) ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
2) സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം,
3) ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമവകുപ്പ് (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
4) ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമവകുപ്പ്
5) ഫാം ഇൻഫർമേഷൻ ബ്യൂറോ, വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
6) സ്റ്റോക്ക് ഫയൽ